## ശ്രീ. ടി.ജെ വിനോദ് എം.എൽ.എ ഉന്നയിച്ച സബ്മിഷനുള്ള മറുപടി

കണയന്നൂർ താലൂക്ക് എറണാകുളം വില്ലേജ് സർവ്വേ 843, ചേരാനല്ലൂർ വില്ലേജ് സർവേ 985, 860 നമ്പറുകളിൽപെട്ട പുഴ പുറമ്പോക്ക് ഭൂമി പതിച്ചുകിട്ടുന്നതിന് ഷൺമുഖപുരം നിവാസികളായ 63 പേർ കണയന്നൂർ തഹസ്സീൽദാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

ടി സർവ്വേ നമ്പറുകളിൽപ്പെട്ട ഭൂമി പുഴ പുറമ്പോക്ക് ആയതിനാൽ മേൽ വിഷയത്തിൽ കൊച്ചിൻ കോർപ്പറേഷന്റേയും, തുറമുഖ പ്രദേശമായതിനാൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെയും അഭിപ്രായം ആരാഞ്ഞിരുന്നു. കൊച്ചിൻ പോർട്ട് ട്രസ്റ്റ് ടി സ്ഥലം കൊച്ചിൻ പോർട്ട് വകയാണെന്നും പതിവിനായി ലഭിച്ച അപേക്ഷകൾ പരിഗണിക്കരുതെന്നും, കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുള്ളതാണ്. പുഴ പുറമ്പോക്കായ ഭൂമി ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന ഭൂമിയായതിനാൽ 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

എന്തായാലും കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അവകാശവാദം സംബന്ധിച്ചു പരിശോധന നടത്തി സർക്കാർ ഭൂമിയാണെന്ന് സ്ഥാപിച്ച് കൊച്ചിൻ കോർപ്പറേഷന്റെ നിരാക്ഷേപ പത്രം വാങ്ങി തുടർനടപടികൾ സ്വീകരിച്ചുകൊണ്ട് മാത്രമേ ഷൺമുഖപുരം നിവാസികൾക്ക് ഭൂമി പതിച്ചു നൽകുവാൻ സാധിക്കുകയുള്ളൂ.

********************************